# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 1843 — 04.05.2017 ലെ മറുപടിയ്ക്ക്

## കൊയിലാണ്ടി സബ്ട്രഷറിക്ക് പുതിയ കെട്ടിടം

**ചോദ്യം** — **ഉത്തരം**

ശ്രീ.കെ.ദാസ്സൻ

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി സബ്ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടം എത്ര വർഷത്തെ പഴക്കമുള്ളതാണെന്ന് വ്യക്തമാക്കാമോ | | 100 വർഷത്തോളം പഴക്കം ഉണ്ട്. |
| (ബി) | സബ് ട്രഷറി ഓഫീസിലെ സ്ഥലപരിമിതിയും അസൗകര്യങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സബ്ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ പരിസരത്തുള്ള സ്ഥലം കിട്ടുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ | | ഈ വിഷയം ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ ഇപ്പോൾ നടന്നു വരുന്ന നടപടികൾ വിശദമാക്കാമോ ഇതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണുള്ളതെന്ന് വിശദമാക്കാമോ | | കൊയിലാണ്ടി സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമി ട്രഷറി വകുപ്പിന് കൈമാറ്റം നടത്തുന്നതിന് ആവശ്യമായ തീരുമാനം ഉണ്ടാകുന്നതിലേയ്ക്ക് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ പ്രോജക്ട്-I ജലവിഭവ സെക്രട്ടറിയ്ക്ക് ശുപാർശ സമർപ്പിയ്ക്കുകയും തുടർന്ന് പ്രസ്തുത ഭൂമി റവന്യൂ ഭൂമിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ടി വകുപ്പ് നിർദ്ദേശിച്ചതിനെ തുടർന്ന് ചീഫ് എഞ്ചിനീയർ പ്രോജക്ട്-I കോഴിക്കോട് ജില്ലാ കളക്ടർക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് കൊയിലാണ്ടി തഹസിൽദാർ ഭൂമി കൈമാറ്റത്തിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സമർപ്പിക്കുവാൻ കൊയിലാണ്ടി സബ് ട്രഷറി ആഫീസറോട് ആവശ്യപ്പെടുകയും പ്രസ്തുത അപേക്ഷ സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ